**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നമ്പർ : 5001** — **04.07.2012-ൽ മറുപടിക്ക്.**

**കമ്മ്യൂണിറ്റി പോലീസിംഗ് പദ്ധതി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.സി. ജോർജ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ഡോ. എൻ. ജയരാജ്<br>ശ്രീ. എം.വി. ശ്രേയാംസ് കുമാർ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് കമ്മ്യൂണിറ്റി പോലീസിംഗ് പദ്ധതി നിലവിൽ വന്നതിനുശേഷം ഉണ്ടായിട്ടുള്ള ഗുണങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | : (എ) 148 പോലീസ് സ്റ്റേഷനുകളിലാണ് കമ്മ്യൂണിറ്റി പോലീസിംഗ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിനുശേഷം പോലീസ്-പൊതുജന ബന്ധം മെച്ചപ്പെടുകയും അതുവഴി കുറ്റകൃത്യങ്ങൾ താരതമ്യേന കുറച്ച് കൊണ്ടുവരുവാനും സാധിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ പോലീസ് പ്രവർത്തിക്കുന്നതിനാൽ കുറ്റവാളികളെ വളരെ വേഗത്തിൽ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുവാൻ സാധിക്കുന്നുണ്ട്. കൂടാതെ യുവജനങ്ങളിലെ അക്രമ വാസന കുറയ്ക്കുന്നതിനും ബോധവൽക്കരണത്തിലൂടെ സാമൂഹ്യ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും ഒരു പരിധിവരെ ഇതുമൂലം സാധിക്കുന്നുണ്ട്. റസിഡന്റ്സ് അസോസിയേഷനുകൾ, കുടുംബശ്രീ യൂണിറ്റുകൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ ബോധവൽക്കരണം നടത്തുന്നതിനാൽ സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പാക്കുന്നതിനും ട്രാഫിക് അവബോധം ഉണ്ടാക്കുന്നതിനും സാധിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് കൂടുതൽ സ്റ്റേഷനുകളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | : (ബി) 50 ട്രൈബൽ ഏരിയ പോലീസ് സ്റ്റേഷനുകൾ ഉൾപ്പെടെ 100 പോലീസ് സ്റ്റേഷനുകളിൽ കൂടി ഈ പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുകയാണ്. |

സെക്ഷൻ ഓഫീസർ